**തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Ajithkumar M P)

**സംഗ്രഹം**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ പൊതുസ്ഥലമാറ്റം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ LSGD/PD/34836/2024-DEB3തീയതി: 16-10-2024**

പരാമർശം: 1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/08/2024 ലെ LSGD/PD/6478/2024-DED1(part-1) നമ്പർ ഉത്തരവ്

2) മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. രഞ്ജിത്ത് ജോർജിന്റെ 05/10/2024 തിയതിയിലെ അപേക്ഷ.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്തിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാ വിഭാഗം) ശ്രീ. രഞ്ജിത്ത് ജോർജ്ജ് (പെൻ-202343) -നെ സ്ഥലം മാറ്റി കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ നിയമിച്ചും ടി ഒഴിവിലേക്ക് കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ ഷെരീഫ് പി എ (പെൻ-813570) -യെ നിയമിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ശ്രീ. രഞ്ജിത്ത് ജോർജ്ജ് മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്തിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഭരണപരമായ സൗകര്യർത്ഥം ശ്രീ. രഞ്ജിത്ത് ജോർജ്ജിനെ മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്തിൽ നിലനിർത്തിയും ടിയാൾക്ക് പകരമായി നിയമിച്ചിട്ടുള്ള ശ്രീ ഷെരീഫ്. പി.എ യെ ടി ഓഫീസിലെ എൽദോരാജ്.പി (പെൻ-576451) വിടുതൽ ചെയ്തു പോയിട്ടുള്ള ഒഴിവിലേക്ക് നിയമിച്ചും ഉത്തരവാകുന്നു. മേൽ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനില്ക്കുന്നതാണ്.

ബന്ധപ്പെട്ട മേലധികാരികൾ മേൽ ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കേണ്ടതും ജീവനക്കാരുടെ വിടുതൽ, പ്രവേശന വിവരങ്ങൾ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Ajithkumar M P
ADDITIONAL DIRECTOR

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്
2. ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)
3. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ലാ ജോയിൻ്റ് ഡയറക്ടർ മു
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 16-10-2024 17:16:13